മിസ്റ്റർ ജോസ്സ് കെ. വട്ടിസ്സ്: ഇതയിടെ "നവലോകം" എന്ന കടലാസിൽ അവിടത്തെ ആറേഴ് തൊഴിലാളികൾകൂടി ഒരു സ്റ്റേറ്റ്മെൻറ് പ്രസിദ്ധപ്പെടുത്തിയിരുന്നതു് ഗവണ്മെണ്ടിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവിടെ കൊടുക്കുന്ന റേഷൻ ദുരുപയോഗപ്പെടുത്തുന്നുണ്ടെന്നു് ബഹുമാനപ്പെട്ട മെമ്പർമാക്കു് ആക്ഷേപമുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിച്ചു വേണ്ട നടപടിയെടുക്കാം.

ARTICLE IN THE "PRAJAMTHRAM"—DETAILS REGAREIG

86. Mr. P. K. Dewer *(Nominated):* Will Government be pleased to state.—

(a) whether they have seen the following report published in the "Prajamithram newspaper published from Trichur.—

"കാരയിൽ കുമ്പ എന്ന വൃദ്ധയും അവരുടെ പേരം, പേരം വയസ്സു് പ്രായമുള്ള രണ്ടു പെൺ കുട്ടികളും കൂടി വീട്ടിൽ കിടന്നുറങ്ങുമ്പോൾ അർദ്ധരാത്രി 8 പോലീസ്സുകാർ അകത്തു കയറി നിസ്സഹായരായ പെൺകുട്ടികളെ ക്രൂരമായവിധം ബലാൽസംഗം ചെയ്തു. പെൺകുട്ടികൾ മോഹാലസ്യപ്പെട്ടുപോയി എങ്കിലും ആ മൃഗങ്ങൾ വിട്ടില്ല. ഒരു കുട്ടി രക്ഷത്തിൽ കുളിച്ചു് പിറ്റെന്നുവരെ ബോധം അറ്റനിലയിൽ കിടന്നിരുന്നു"

(b) whether they have made any enquiry into these allegations of a very grave nature published by the paper with a note;

"ഉത്തരവാദപ്പെട്ട ഒരു വ്യക്തി അയച്ചു തന്നിരിക്കുന്ന ഒരു നീണ്ട റിപ്പോർട്ടിൻെറ ചുരുക്കം മാത്രമാണിതു്"

(c) if so, whether the allegations were found to be true and if true whether they would inform the House the nature of the action taken against the Constables in question;

(d) if the allegations are absolutely unfounded, whether they did ask the Editor or Publisher of the paper to substantiate these allegations;

(e) whether the leading article published in the "Express" of Mithumam 1, commenting on these allegations have attracted the attention of the Goervnment;

(f) if these allegations were unfounded whether the Government have made any attempt to disabuse the minds of the public the impression created by these allegations of such inhuman atrocities by suitable Prese Notes?

Rao Sahib A. Madhava Prabhu *(Chief Secretary to Government):*

(a) Yes.

(b) Yes.

(c) The allegations were absolutely false.

(d) No.

(e) Yes.

(f) Yes. Government published a Press Note on 19th June 1947 after making enquiries through the District Magistrate.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: ഇവിടെ ഒരുപ്രസ്സ് അഡ്വൈസറി കമ്മിറ്റിയില്ലേ?

റാവുസാഹിബ് എ. മാധവപ്രഭു: ഉണ്ടു്.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: ആ പ്രസ്സ് അഡ്വൈസറി കമ്മിറ്റിയോടു് ആലോചിച്ചതിനുശേഷമാണോ ഗവണ്മെൻറ് ഈ പത്രങ്ങളുടെ മേൽ നടപടിയെടുത്തതു്?

റാവുസാഹിബ് എ. മാധവപ്രഭു: അല്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഈ സംഗതിയെപ്പറ്റി ആലോചിയ്ക്കാതിരുന്നതുകൊണ്ടു് പത്രത്തിൽ പറഞ്ഞിട്ടുള്ള സംഗതികളെപ്പറ്റി ഗവണ്മെൻറ അന്വേഷണം നടത്തിയതിൻെറ ഫലം എന്താണെന്നു് പൊതുജനങ്ങൾക്കു് എങ്ങിനെ മനസ്സിലാക്കാൻ സാധിക്കും?

റാവുസാഹിബ് എ. മാധവപ്രഭു: ഗവണ്മെൻറ് അന്വേഷണംനടത്തി പ്രസ്സു് നോട്ടു പബ്ലിഷു് ചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ഗവണ്മെൻറിൻെറ അന്വേഷണത്തിൻെറ ഫലം പത്രപ്രവർത്തകന്മാർ മനസ്സിലാക്കുമെന്നുള്ള ഭയംകൊണ്ടാണോ അതു അവരോടാലോചിക്കാതിരുന്നതു്?

റാവുസാഹിബ് എ. മാധവപ്രഭു: അങ്ങിനെ യാതൊരു ഭയവുമില്ല.

Mr. P. K. Dewer *(Nominated):* (*d*) Answer is no. May I know why?

LIBRARY ARCHIVES Kerala Legislative Assembly

Rao Sahib A. Madhava Prabhu *(Chief Secretary to Government):* Government never thought that it was necessary to do so, to ask the editor or publisher whether they could substantiate these allegations?

Mr. P. Kumaran Ezhuthassan *(Vadakkancheri):* Why, Sir, was it not done? Why was the editor not asked to substantiate a contribution in the paper which you have found on enquiry to be false?

Rao Sahib A. Madhava Prabhu *(Chief Secretary to Government):* Government did not think it necessary.

Mr. P. K. Dewer *(Nominated):* May I know whether after that at any time the editor or the publisher of the paper concerned volunteered to substantiate the allegations?

Rao Sahib A. Madhava Prabhu *(Chief Secretary to Government):* No, never.

Mr. P. K. Dewer *(Nominated):* Was any action taken on this paper?

Rao Sahib A. Madhava Prabhu *(Chief Secretary to Government):* This paper has been banned. The printing and publishing of this paper has been banned.

Mr. P. K. Dewer *(Nominated):* Was it for the purpose of this article?

Rao Sahib A. Madhava Prabhu *(Chief Secretary to Government):* That is one of the reasons.

Mr. P. Kumaran Ezhuthassan *(Vadakkancheri):* What Sir, the other reason?

Rao Sahib A. Madhava Prabhu *(Chief Secretary to Government):* Generally, their conduct in publishing articles of this type.

Mr. P. K. Dewer *(Nominated):* May I know whether any warning was given to them?

Rao Sahib A. Madhava Prabhu *(Chief Secretary to Government):* There was a conference of pressmen in which they were asked to be careful with regard to the general tone and the way in which they should scrutinise the reports they got before publication.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Did the *Government* give any warning, Sir, to them? You referred to a press conference.

Rao Sahib A. Madhava Prabhu *(Chief Secretary to Government):* The Diwan held a Press Conference in which various matters including the duties of the press and what precautions they should take in giving publicity to reports, all these things were discussed.

Mr. P. Kumaran Ezhuthassan *(Vadakkancheri):* With regard to the specific paper which contributed this article, did the Government, at any time, in their life, in the life of the paper, give any warning, Sir, to them that they should be more careful? Say "no".

Rao SahIb A. Madhava Prabhu *(Chief Secretary to Government):* The answer to be given may be left to me. I do not want any threat. I do not attach any importance to that.

Mr. P. Kumaran Evhuthassan *(Vadakkanchrri):* There is no threat, at all.

Rao Sahib A. Madhava Prabhu *(Chief Secretary to Government):* What I said is what has been done. In that conference editors of all papers were present except the editor of Express.

Mr. P. K. Dewer *(Nominated):* May I know when this conference was convened?

Rao Sahib A. Madhava Prabhu *(Chief Secretary to Government):* I cannot give the date exactly.

Mr. P. K. Dewer *(Nominated):* Was it before the article was published?

Rao Sahib A. Madhava Prabhu *(Chief Secretary to Government):* Yes, about a week prior to that.

Mr. P. K. Dewer *(Nominated):* May I know whether this Press Conference was convened before the banning of the paper or after?

Rao Sahib A. Madhava Prabhu *(Chief Secretary to Government):* Yes, before the banning of this paper.

Mr. P. K. Dewer *(Nominated):* And before the publication of the article or after.

Rao Sahib A. Madhava Prabhu *(Chief Secretary to Government):* No, before the publication.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: "ഉത്തരവാദപ്പെട്ട ഒരു വ്യക്തി അയച്ചുതന്നിരിക്കുന്ന ഒരു നീണ്ടറിപ്പോർട്ടിന്റെ ചുരുക്കം മാത്രമാണിതു" എന്നു കടലാസിൽ കാണുകയുണ്ടായി. ആരാണു് ഈ ഉത്തരവാദപ്പെട്ടവ്യക്തി?

Mr. President: That is not in order the name of the person, unless it is absolutely necessary to make the question intelligble need not be mentioned.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ റിപ്പോർട്ട് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഉവ്വ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: "കോരയിൽ കുമ്പ എന്ന വൃദ്ധയും, അവരുടെ ഭർത്താവും, മകനും, വയസ്സ് പ്രായമുള്ള രണ്ട് പെൺകുട്ടികളും കൂടി വീട്ടിൽ കിടന്നുറങ്ങുമ്പോൾ അർദ്ധരാത്രി അഞ്ച് പോലീസ്സുകാർ അകത്ത് കയറി നിസ്സഹായരായ പെൺകുട്ടികളെ ക്രൂരമായവിധം ബലാൽസംഗംചെയ്തു. പെൺകുട്ടികൾ മോഹാലസ്യപ്പെട്ടുപോയി എങ്കിലും അതുമുഴുമിപ്പിച്ചിട്ടില്ല. ഒരു കുട്ടി രക്തത്തിൽ കുളിച്ച് പിറേറന്നുവരെ ബോധമറേറനിലയിൽ കിടന്നിരുന്നു." എന്ന് പത്രത്തിൽകണ്ട റിപ്പോർട്ടിനെ സംബന്ധിച്ച് ഗവൺമെൻറിൻെറ അനേഷണം നടത്തിയപ്പോൾ അതു തെറേറാണെന്നു ബോദ്ധ്യമായൊ ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഉവ്വ്. മിക്കകടലാസ്സുകളിലും ഇങ്ങിനെയുള്ള കളവുകൾ കാണുന്നുണ്ട്.

മിസ്റ്റർ പി. കെ. ഡീവർ: ആ പത്രത്തെ പ്രോസിക്യൂട്ട് ചെയ്യാൻ എന്തായിരുന്നു വിരോധം?

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഇത്രമാത്രം മതിയെന്നുവിചാരിച്ചു.

മിസ്റ്റർ പി. നാരായണമേനോൻ: പത്രങ്ങളിൽ കാണുന്നതെല്ലാം കളവാണെന്ന വിചാരത്തോടുകൂടിയാണൊ, ഗവൺമെണ്ട് പത്രങ്ങൾ വായിക്കുന്നതു?

റാവുസാഹിബ്ബ് എ. മാധവപ്രഭു: പത്രങ്ങളിൽ എന്താണ് എഴുതിയിരിക്കുന്നതെന്നറിയാൻവേണ്ടിയാണ് പത്രങ്ങൾ വായിക്കുന്നതു.

Mr. P. Kumaran Ezhuthassan *(Vadakkancheri):* The Chief Secretary to Government may be asked, Sir, to withdraw that general allegation about all papers of Cochin. He should not have made that observation. I protest.

Rao Sahib A. MadhavaPrabhu *(Chief Secretary to Government):* Not a general allegation against papers.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Sir, I only made a suggestion to the Chair.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: കൊച്ചീരാജ്യത്ത് പേപ്പർ മര്യാദയോടുകൂടി നടത്തണം എന്നുള്ള ഉദ്ദേശത്തോടുകൂടി ഒരു കടലാസിൻെറ മേൽ നടപടിയെടുക്കുന്നതിനുമുമ്പ് പ്രസ്സ് അഡൈ്വസറി കമ്മറിയോട് ആലോചിയ്ക്കേണ്ടതല്ലേ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: പ്രസ്സ് അഡൈ്വസറി കമ്മിറിയിലെ അംഗങ്ങൾതന്നെ തൻെറ സഹോദരന്മാരെ പറഞ്ഞു നേരെ നടത്തേണ്ടതായിരുന്നു. അതു അവർ ചെയ്തില്ല. ഗവൺമെണ്ട് വേണ്ടിവന്നു, അതു പറയാൻ.

RETRENCHMENT COMMITTEE—DETAILS REGARDING

87. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) വ്യയലഘൂകരണകമ്മിറിക്കു നൽകപ്പെട്ടിട്ടുള്ള terms of reference എന്താണു;

(ബി) യുദ്ധപരിതഃസ്ഥിതികൾമൂലം നിയമിക്കപ്പെടേണ്ടിവന്ന temporary ജോലിക്കാരെ കുറവു ചെയ്യുന്നതിനെപ്പററി മാത്രമേ ഇവക്കു ശുപാർശ ചെയ്യുവാൻ അർഹതയുള്ളുവോ,

(സി) അതോ മൊത്തത്തിൽ ഗവൺമെണ്ടുസർവ്വീസിൽ കാര്യക്ഷമതക്കു ഭംഗം വരാത്തവിധത്തിൽ സാധിക്കാവുന്ന സകല വ്യയലഘൂകരണ നടപടികളെപ്പററിയും ഇവക്കു നിർദ്ദേശം സമർപ്പിക്കാൻ അധികാരമുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇപ്രകാരം ഇവരുടെ അധികാരപരിധി സങ്കുചിതമാക്കിക്കളഞ്ഞതിനുള്ള ഹേതുവെന്തു?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ :

(എ) ആവശ്യമില്ലാത്ത താല്ക്കാലിക തസ്തികകളെ നിർത്തൽ ചെയ്യുന്നതിനെപ്പററിയും സാദ്ധ്യമായ മറെറ സകല വ്യയലഘൂകരണത്തെപ്പററിയും നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ. (ഈ എടവം 12-ാംതീയ്യതിയിലെ ഗസറ്റ് ഭാഗം III സെ 4-ാം പേജ് നോക്കുക)

(ബി), (സി) & (ഡി) എന്നിവക്കുള്ള മറുപടികൊണ്ട് ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly